# Kerala State Haj Committee

HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Fax: 0483 -2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com


Ref. H2-01/KuH-2019 Date : 17-01-2019

**ഹജ്ജ് 2019**

**അറിയിപ്പ്**

**ഹജ്ജ് വളണ്ടിയർ (ഖാദിമുൽ ഹുജ്ജാജ്)**

**ഇന്റർവ്യൂ ജനുവരി 22, 23 തിയ്യതികളിൽ**

ഈ വർഷത്തെ (2019) പരിശുദ്ധ ഹജ്ജ് വേളയിൽ സൗദി അറേബ്യയിൽ ഹാജിമാർക്ക് സേവനം ചെയ്യുന്നതിനുള്ള ഹജ്ജ് വളണ്ടിയർമാരായി (ഖാദിമുൽ ഹുജ്ജാജ്) തെരെഞ്ഞെടുക്കപ്പെടുന്നതിന് സ്വീകാര്യയോഗ്യമായ അപേക്ഷ സമർപ്പിച്ചവർക്കുള്ള ഇന്റർവ്യൂ **2019 ജനുവരി 22, 23 (ചൊവ്വ, ബുധൻ) എന്നീ രണ്ട് ദിവസങ്ങളിലായി** രാവിലെ 9 മണി മുതൽ കാലിക്കറ്റ് എയർപോർട്ട് റോഡിലുള്ള (കരിപ്പൂർ) ഹജ്ജ് കമ്മിറ്റി ഓഫീസിൽ വെച്ച് നടത്തപ്പെടുന്നതാണ്.

| | |
|---|---|
| **22/01/2019 ചൊവ്വാഴ്ച**<br>**രാവിലെ 9 മണി.** | *റസിഡൻസ് അഡ്രസ്സ്:*<br>**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലയിലുള്ളവർക്ക്** |
| **23/01/2019 ബുധനാഴ്ച**<br>**രാവിലെ 9 മണി.** | *റസിഡൻസ് അഡ്രസ്സ്:*<br>**കോഴിക്കോട്, മലപ്പുറം ജില്ലയിലുള്ളവർക്ക്** |

ഇന്റർവ്യൂവിന് ഹാജരാകുന്നവർ ഇന്റർവ്യൂ സമയത്ത് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ സർക്കുലർ നമ്പർ -6, തിയ്യതി 28/12/2018, പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും, ആയതിനാവശ്യമായ ഒറിജിനൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഇന്റർവ്യൂവിന് അർഹരായ അപേക്ഷകരെ ടെലിഫോണിലൂടെ വിവരം അറിയിച്ചിട്ടുണ്ട്. കൂടാതെ ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ട അപേക്ഷകരുടെ പേരുവിവരം, ഇന്റർവ്യൂ തിയ്യതി, സമയം എന്നിവ ഹജ്ജ് കമ്മിറ്റിയുടെ www.keralahajcommittee.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ ഇന്റർവ്യൂവിനായി അറിയിപ്പ് ലഭിക്കാത്ത യോഗ്യരായ അപേക്ഷ സമർപ്പിച്ചവരുണ്ടെങ്കിൽ അവർ 21-01-2019ന് വൈകീട്ട് 4 മണിക്കുള്ളിൽ അവരുടെ എല്ലാ രേഖകളുടെയും ഒറിജിനൽ സഹിതം ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് ഹാജരാകേണ്ടതാണ്. അതിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
അസിസ്റ്റന്റ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി